**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3377** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുക വഴി ടൂറിസം രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജനകീയ ടൂറിസം നയത്തിന്റെ ഭാഗമായി ടൂറിസം വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയത് . ജനങ്ങൾക്ക് വിനോദ സഞ്ചാരത്തെ കുറിച്ച് അവബോധമുണ്ടാക്കാനും സുസ്ഥിര വികസന മേഖലയിൽ ഇടപെടാനും ഉത്തരവാദിത്ത ടൂറിസം വഴി സാധിച്ചു . ഗ്രാമീണ ടൂറിസം വികസനത്തിനും പ്രാദേശിക തൊഴിൽ വർദ്ധിപ്പിക്കുന്നതിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതും ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യമാണ് . ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയിട്ടാണ് കെ ആർ ടി എം സൊസൈറ്റി രൂപീകരിച്ചിരിക്കുന്നത് . അതിനനുസൃതമായ പ്രവർത്തനങ്ങൾ സൊസൈറ്റി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സംസ്ഥാനത്താകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; സംസ്ഥാനത്ത് നടപ്പാക്കിയ അനുഭവ പരിചയ ടൂർ പാക്കേജുകളുടെ പുരോഗതി അറിയിക്കാമോ; | (ബി) | സംസ്ഥാന വ്യാപകമായുള്ള രജിസ്റ്റേർഡ് യൂണിറ്റുകൾ - 25,188 - ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായ യൂണിറ്റുകളുടെ എണ്ണം - 17279<br><br>കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണമായ ഗ്രാമീണ ജീവിതം വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് കെ ആർ ടി എം സൊസൈറ്റി നടപ്പാക്കുന്നത് . ഈ പാക്കേജുകൾ വഴി പരമ്പരാഗത തൊഴിൽ, കാർഷിക മേഖലകളിലേയ്ക്ക് വിദേശ സഞ്ചാരികൾ വരുന്നു . അതിലൂടെ സാധാരണ തൊഴിലാളികളും വരുമാനം നേടിതുടങ്ങിയിരിക്കുന്നു . കുമരകത്തും, തേക്കടിയിലും, വയനാട്ടിലും നേരത്തെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഇന്ന് കേരളത്തിലുടനീളം വ്യാപിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വിവിധങ്ങളായ 80 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ് . ഈ പാക്കേജുകളിലായി 850 കുടുംബങ്ങൾ പ്രത്യക്ഷമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. |
| (സി) | പ്രസ്തുത മിഷന്റെ ഭാഗമായി ആരംഭിച്ച വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ടൂറിസം രംഗത്ത് എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്; ഇതിലൂടെ എത്ര കുടുംബങ്ങളാണ് നേരിട്ട് ടൂറിസം രംഗത്തേക്ക് കടന്നു വന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാന വ്യാപകമായുള്ള രജിസ്റ്റേർഡ് യൂണിറ്റുകൾ - 25,188 - ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായ യൂണിറ്റുകളുടെ എണ്ണം - 17279<br><br>കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണമായ ഗ്രാമീണ ജീവിതം വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് കെ ആർ ടി എം സൊസൈറ്റി നടപ്പാക്കുന്നത് . ഈ പാക്കേജുകൾ വഴി പരമ്പരാഗത തൊഴിൽ, കാർഷിക മേഖലകളിലേയ്ക്ക് വിദേശ സഞ്ചാരികൾ വരുന്നു . അതിലൂടെ സാധാരണ തൊഴിലാളികളും വരുമാനം നേടിതുടങ്ങിയിരിക്കുന്നു . കുമരകത്തും, തേക്കടിയിലും, വയനാട്ടിലും നേരത്തെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഇന്ന് കേരളത്തിലുടനീളം വ്യാപിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വിവിധങ്ങളായ 80 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ് . ഈ പാക്കേജുകളിലായി 850 കുടുംബങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രത്യക്ഷമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. |
| (ഡി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി നടപ്പാക്കിയ വില്ലേജ് പ്ലാൻ - പീപ്പിൾസ് റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരമൊരു പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷനോ നിലവിലെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയോ നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ